LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്.

(സി) അറിയാം.

(ഡി) ബില്ലിനെതിരായ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

പുതിയ താലൂക്ക് ആസ്ഥാനങ്ങളിൽ ആർ.റ്റി.ഒ. സബ് ഓഫീസുകൾ

345 (2220) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിച്ച താലൂക്ക് ആസ്ഥാനങ്ങളിൽ ആർ.റ്റി.ഒ. സബ് ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഗതാഗത വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ധനകാര്യ വകുപ്പിൽ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ പുതിയ കൊണ്ടോട്ടി താലൂക്ക് കേന്ദ്രമായി ഒരു സബ് ആർ.ടി.ഒ. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പരിശോധിച്ചു വരുന്നു.

ഗതാഗത നിയമലംഘനം

346 (2221) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമ ലംഘനം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം നിയമ ലംഘനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സോഷ്യൽ മീഡിയകളെ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന രീതികൾ എങ്ങനെയാണെന്നും വിശദമാക്കുമോ ;

(സി) സോഷ്യൽ മീഡിയകൾ വഴി മോട്ടോർ വാഹന വകുപ്പിന് എത്ര പരാതികൾ ലഭിച്ചെന്നും അവ ഏതൊക്കെ സോഷ്യൽ മീഡിയകൾ വഴിയാണെന്നും അവയിൽ സ്വീകരിച്ച നിയമ നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രഥമദൃഷ്ട്യാ റോഡുകളിൽ കണ്ടുവരുന്ന മോട്ടോർ വാഹന നിയമ ലംഘനങ്ങൾ - ഉദാ. നമ്പർ പ്ലേറ്റ്, ക്ലളിംഗ് ഫിലിം ഒട്ടിച്ചിട്ടുള്ള വാഹനങ്ങൾ, ഹെൽമെറ്റ് ധരിക്കാതെയുള്ള യാത്ര, ഇരുചക്ര വാഹനങ്ങളിൽ മൂന്നുപേർ കയറി പോകുന്ന യാത്ര, എന്നിങ്ങനെയുള്ള നിയമ ലംഘനങ്ങൾ മൊബൈലിലോ, ക്യാമറകളിലോ പകർത്തി ബന്ധപ്പെട്ട അധികാരികൾക്ക് സോഷ്യൽ മീഡിയകൾ വഴി എത്തിക്കുക യെന്നതാണ് ഇതിന്റെ പ്രവർത്തന രീതി. ഇതുമൂലം ഗതാഗത നിയമ ലംഘനങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഏതൊരാൾക്കും സാധിക്കുന്നു. അങ്ങനെ ഒരു വലിയ അളവിൽ നിയമലംഘനങ്ങൾ ഒഴിവാക്കാനാകും. ലഭിക്കുന്ന സന്ദേശങ്ങളുടെ ആധികാരികത ഉറപ്പുവരുത്തിയ ശേഷം തുടർനടപടികൾ എടുക്കുന്നതിനാൽ നിയമലംഘനങ്ങൾ കുറയ്ക്കാൻ കഴിയുന്നു.

1. മൊബൈൽഫോൺ സംവിധാനം Closed User Group സിസ്റ്റത്തിലൂടെ എല്ലാ ഉയർന്ന ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ഈ നമ്പറുകൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ ഫോണുകളിലേക്ക് നേരിട്ടോ എസ്.എം.എസ്. വഴിയോ ബന്ധപ്പെടാം.
2. Whats app എല്ലാ ഫോണുകളിലും ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
3. ഓരോ ഓഫീസിലും Facebook Account open ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഫേസ്ബുക്, വാട്ട്സ് ആപ്പ് എന്നീ സോഷ്യൽ മീഡിയകൾവഴി 102 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളിൽ അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിഴ അടപ്പിക്കുക, നികുതി ഈടാക്കുക, ഫിറ്റ്നസ് റദ്ദു ചെയ്യുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly